SUNDAY 14-08-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/08/2022.

1. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെയും കർഷക അവാർഡ് വിതരണത്തിന്റെയും ഒരു ലക്ഷം കാർഷിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും ആഗസ്റ്റ് 17-ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ഇതോടൊപ്പം ബ്ലോക്ക് തലത്തിൽ പുതുതായി ആരംഭിക്കുന്ന കൃഷിമന്ത്രിയുടെ കർഷക സമ്പർക്ക പരിപാടിയായ കൃഷിദർശന്റെയും ഉദ്ഘാടനം നടത്തപ്പെടുന്നതാണ്.

2. വാമനപുരം കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷക ദിനാചരണത്തിന്റെ ഉദ്ഘാടനം ഈ മാസം 17-ന് (ആഗസ്റ്റ് 17) രാവിലെ 9 -ന് വാമനപുരം പഞ്ചായത്തു ഹാളിൽ കൂടുന്ന യോഗത്തിൽ വാമനപുരം എം.എൽ.എ ഡി.കെ മുരളി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കർഷകരെ ആദരിക്കൽ, മെമന്റോ വിതരണം, പച്ചക്കറി വിത്തുകളുടെ വിതരണോദ്ഘാടനം, സെമിനാർ എന്നിവയും സംഘടിപ്പിച്ചിരിക്കുന്നു.

3. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിനു കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് വിവിധങ്ങളായ കൃഷിപ്പണികൾ ചെയ്തു നൽകുന്നതുമായ അഗ്രോസർവ്വീസ് സെന്ററിലേക്ക് കൃഷിപ്പണികൾ അറിയുന്ന 18-നും 50-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ട്രാക്ടർ പ്രവർത്തിപ്പിക്കാൻ അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495476141** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. തെങ്ങിൻ തൈ ഒന്നിന് അമ്പത് (50) രൂപയാണ് വില. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിക്കുന്നു.

5. റബ്ബർബോർഡിലെ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിപ്പാർട്ടുമെന്റ് 'അനലിറ്റിക്കൽ ട്രെയിനി' ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർക്ക് സ്റ്റാറ്റിസ്റ്റിക്സ്, അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, മാത്തമറ്റിക്സ് എന്നിവയിൽ ഏതെങ്കിലും ബിരുദാനന്തരബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. കോട്ടയത്ത് റബ്ബർബോർഡിന്റെ

കേന്ദ്ര ഓഫീസിലെ നാല് ഒഴിവുകളിലേക്കാണ് നിയമനം. താൽപര്യമുള്ളവർ ഈ മാസം 24-ന് (ആഗസ്റ്റ് 24) രാവിലെ 10 മണിക്ക് കോട്ടയത്തുള്ള റബ്ബർബോർഡ് കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിപ്പാർട്ടുമെന്റ് ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്) മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുകയോ **0481 2301231** (എക്സ്റ്റൻഷൻ 357), **0481 2574903** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

**പരിശീലന പരിപാടികൾ**

6. വെള്ളനാട് മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രം കർഷക ദിനത്തോടനുബന്ധിച്ച് ഈ മാസം 17-ന് (ആഗസ്റ്റ് 17) **കൂൺ കൃഷി**യിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഈ മാസം 15-ന് നാല് മണിക്ക് മുമ്പായി **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. വെള്ളായണി റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കുമായി ട്രാക്ടർ, ഞാറുനടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിൽ മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ, ട്രെയിനിംഗ് സെന്ററുമായി നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) **മഴക്കാല പച്ചക്കറികൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 – 2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ **മാസം 19 മുതൽ** 30 (ആഗസ്റ്റ് 10 മുതൽ 30) വരെയുള്ള തീയതികളിൽ **ക്ഷീരോത്പന്ന നിർമ്മാണ**ത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേന്ദ്രം മുഖേന നേരിട്ടോ, ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. താൽപര്യമുള്ളവർ ഈ മാസം 17-ന് (ആഗസ്റ്റ് 17) വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി) റബ്ബറുത്പന്നനിർമ്മാണത്തിൽ കോട്ടയത്ത് വെച്ച് നടത്തുന്ന മൂന്നുമാസത്തെ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് ആഗസ്റ്റ് 23-വരെ രജിസ്റ്റർ ചെയ്യാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. താൽപര്യമുള്ളവർ **0481 2353127** എന്ന നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം